(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽനിന്നും 366.36 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) 781.088 കി. മീ. ദൈർഘ്യം വരുന്ന 376 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാരിൽ ലഭ്യമായ തുകയിൽ നിന്നും 361.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ലഭ്യമായ തുകയുടെ 98.66 ശതമാനമാണ്.

(ഇ) പുതിയ റോഡ് പ്രോജക്ടുകൾ ഒന്നുംതന്നെ കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടില്ല. എന്നാൽ 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിൽ 1,155 കി. മീ. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 486.74 കോടി രൂപയുടെ വിശദമായ പോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും, ആയതിന് കേന്ദ്രതലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിക്കുവാനായി കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 533.കി.മീ. ദൈർഘ്യം വരുന്ന പ്രവർത്തികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകി. ഇതിന്റെ കരാർ ഉറപ്പിച്ച് വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് അനുസൃതമായി ബാക്കി റോഡുകൾക്കുള്ള അനുമതി നൽകാമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തു എങ്കിലും 524.436 കി.മീ. ദൈർഘ്യം വരുന്ന 221.18 കോടി രൂപയ്ക്കുള്ള 162 പ്രവർത്തികളുടെ കരാറാണ് ഉറപ്പിച്ചിട്ടുള്ളത്. ശേഷിക്കുന്ന 265.56 കോടി രൂപയുടെ 630.557 കി. മീ. ദൈർഘ്യം വരുന്ന 258 റോഡുകളുടെ നിർമ്മാണത്തിനുള്ള തുടർ അനുമതിയ്ക്കായി 10-7-2009-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചതിൽ, സെപ്തംബർ 2010-ൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ പുനർ അനുമതി നേടി ടെണ്ടർ ചെയ്യുന്നതാണ്.

(എഫ്) പി.എം.ജി.എസ്.വൈ. പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് സർക്കാർ വിവിധങ്ങളായ നടപടിക്രമങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ജി) 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിലെ രണ്ടാം ബാച്ചായി സമർപ്പിച്ച 265.56 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ 332.72 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശബരിമല വികസനത്തെക്കുറിച്ചുള്ള നിശ്ചല ശങ്കർ റിപ്പോർട്ട്

10(*40) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു:
ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ശബരിമലയിലെ പുൽമേട്ടിൽ ഉണ്ടായ ദുരന്തത്തെക്കുറിച്ച് ദേവസ്വം ബോർഡ് എന്തൊക്കെ അന്വേഷണങ്ങൾ നടത്തി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവിടെ ഉണ്ടായ ദുരന്തത്തിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) ശബരിമല വികസനത്തെക്കുറിച്ചുള്ള 'ദർശൻ ശങ്കർ റിപ്പോർട്ടി'ൽ പുൽമേട്ടിലെ തീർത്ഥാടക പ്രവാഹം നിയന്ത്രിക്കുന്നതിന് എന്തൊക്കെ ശിപാർശകളാണ് നൽകിയിരുന്നത്;

(ഡി) പുൽമേട്ടിൽ തീർത്ഥാടകർ തങ്ങരുതെന്നും അവിടേക്ക് വാഹനം കടത്തിവിടരുതെന്നും ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നുവോ;

(ഇ) ഉപ്പുപാറവഴി വരുന്ന തീർത്ഥാടകർക്ക് എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കാനാണ് ശബരിമലയുടെ വികസനത്തിനായുള്ള മാസ്റ്റർപ്ലാനിൽ ശിപാർശ ചെയ്തിരുന്നത് ;

(എഫ്) ഈ ഭാഗത്ത് കാട്ടിനുള്ളിൽ യാതൊരു നിയന്ത്രണവുമില്ലാതെ ചെറുകിട കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിന് അനുവദിച്ച നടപടിയെക്കുറിച്ച് അന്വേഷണം നടത്തുമോ ?

ദേവസ്വവും അച്ചടിയുംസ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ശബരിമലയിലെ പുൽമേട്ടിൽ ഉണ്ടായ ദുരന്തത്തെക്കുറിച്ച് ദേവസ്വം ബോർഡ് വിജിലൻസ് എസ്. പി. ചെയർമാനായും ചീഫ് എഞ്ചിനീയർ (ജനറൽ), ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തുകയും മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ച പ്രകാരം വഴികൾ വികസിപ്പിക്കുകയും വൈദ്യുതീകരണം നടത്തുകയും വാഹനങ്ങൾ നിയന്ത്രിക്കുകയും പോലീസിന്റെയും ഫോറസ്റ്റിന്റെയും കാര്യക്ഷമതയോടുള്ള പ്രവർത്തനം ഏകോപിപ്പിക്കേണ്ടത് പ്രധാനമാണെന്നുമാണ് പ്രാഥമിക കണ്ടെത്തൽ.

(ബി) മകരവിളക്ക് ദർശനത്തിനായി പുൽമേട്ടിൽ ഏകദേശം ഒന്നര ലക്ഷം ഭക്തർ എത്തിയതായും ദർശനത്തിനുശേഷം ഭക്തർ വാഹനങ്ങൾ പാർക്ക് ചെയ്ത സ്ഥലത്തേക്ക് തിരക്കു കൂട്ടി നീങ്ങിയതായും ഈ സമയത്ത് അവിടെ പാർക്ക് ചെയ്തിരുന്ന ഒരു ഓട്ടോറിക്ഷ മറിഞ്ഞ് സമീപത്ത് പാർക്ക് ചെയ്തിരുന്ന ഒരു സ്വകാര്യ ജീപ്പിൽ വന്നിടിക്കുകയും അത് ഭക്തരുടെ മേൽ തട്ടി അപ്പോഴുണ്ടായ തിക്കിലും തിരക്കിലുംപെട്ട് നിലത്ത് വീണവർ പിന്നാലെ വന്നവരുടെ ചവിട്ടേറ്റ് മരിക്കുകയുമാണ് ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം.

(സി&ഡി) കേന്ദ്ര വനം വകുപ്പിൽ നിന്നും 12.675 ഹെക്ടർ വനഭൂമി ദേവസ്വം ബോർഡിന് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ദർശൻ ശങ്കർ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയതിൽ പുൽമേട്ടിലെ തീർത്ഥാടന പ്രവാഹം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ശിപാർശകളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 11 ജില്ലകളിലായി 16 പ്രോജക്ടുകൾ നിലവിലുണ്ട്. മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിൽ ചെറിയ തോതിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. മലപ്പുറത്തും, പെരിന്തൽമണ്ണയിലും ലൈവ്‌ലി ഹുഡ് പ്രോജക്ട് ആയും വയനാട് ജില്ലയിൽ ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായും പാലക്കാട് കൊണ്ടാട്ടം പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) സമഗ്ര പ്രോജക്ടുകളുടെ സാങ്കേതിക സഹായം നൽകുന്നതിനായി അതാത് മേഖലയിൽ നൈപുണ്യം തെളിയിച്ച സ്ഥാപനങ്ങളെയാണ് ഏർപ്പാടാക്കിയിരിക്കുന്നത്. ഉദാ. കാർഷിക സർവ്വകലാശാല, CFTRI മൈസൂർ, NRCC പുത്തൂർ, TBGRI, Palode സാമ്പത്തിക സഹായത്തിനായി വിവിധ സർക്കാർ ഡിപ്പാർട്ടുമെന്റുകളുടേയും മറ്റ് ഏജൻസികളുടെയും ധനസഹായങ്ങൾ ഏകോപിപ്പിക്കുകയും ബാങ്കുകളിൽ നിന്നുള്ള വായ്പാ സംവിധാനം ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളും പ്രോജക്ട് അടങ്കൽ തുകയുടെ 5 ശതമാനം വിഹിതമായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഈ പദ്ധതിപ്രകാരം ഇതുവരെ 39446 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

(ഇ) മിക്ക യൂണിറ്റുകളും ലാഭകരമായാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

(എഫ്) വിവിധ ഏജൻസികളുമായി മാർക്കറ്റിംഗ് ടൈഅപ്പിൽ ഏർപ്പെടുകയും ഉൽപ്പന്നങ്ങൾ മാസച്ചന്ത, ഫെസ്റ്റിവൽ, ഫെയർ എന്നിവയിലും വിപണനം നടത്തുന്നുണ്ട്. ഹോംഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില പ്രോജക്ടുകളുമായി ബന്ധപ്പെട്ട് മാർക്കറ്റിംഗ് ഗ്രൂപ്പുകൾ കൊണ്ട് വിപണനം നടത്തുന്ന സാധ്യതയും പ്രയോജനപ്പെടുത്തുന്നുണ്ട്. ജില്ലാ പഞ്ചായത്ത് വാഹന സൗകര്യമൊരുക്കി ചില്ലറ വിൽപ്പന കൂടി ചില പ്രോജക്ടുകളിൽ നടപ്പിലാക്കുന്നു. കശുവണ്ടി പദ്ധതിയിൽ മൊത്ത വിപണിയിലും ഉൽപ്പന്നം വിറ്റഴിക്കുന്നുണ്ട്. ക്ഷീരസാഗരം പദ്ധതിയിൽ നെടുങ്കണ്ടം ബ്ലോക്കിലെ മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും അലങ്കാര മത്സ്യകൃഷിയിൽ അലങ്കാരമത്സ്യങ്ങൾ കാവിൽ ഏജൻസി (കേരള അക്വ വെഞ്ചർ ഇൻഡസ്ട്രീസ് ലിമിറ്റഡ്) വഴിയും വിപണനം നടത്തുന്നു.

ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ

12(*42) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly